പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1894** **01.11.2019-ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടിയിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടിയിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് പ്രഖ്യാപിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | കൊണ്ടോട്ടിയിൽ പുതിയതായി അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനത്തിനായി സർക്കാർ വക കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ അധീനതയിലുള്ള കെട്ടിടം കണ്ടെത്തുകയും, ടി കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നത് സംബന്ധിച്ച വിഷയം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി 2019 ജൂൺ മാസത്തിൽ അനുമതിക്ക് അപേക്ഷ നൽകിയിട്ടും നാളിതുവരെ അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | കൊണ്ടോട്ടി ജോയിന്റ് ആർ.ടി. ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നൽകുന്ന രജിസ്ട്രേഷൻ നമ്പർ കോഡ് (കെ.എൽ ) ഏതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ അറിയിക്കാമോ? | (സി) | കൊണ്ടോട്ടി ജോയിന്റ് ആർ.ടി. ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നൽകുന്ന രജിസ്ട്രേഷൻ നമ്പർ കോഡിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണറേറ്റിൽ നിന്ന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ